Centre for One Health Kerala

# വെസ്റ്റ്നൈൽ ഫീവർ (വെസ്റ്റ്നൈൽ ജ്വരം)



### പ്രധാന ലക്ഷണങ്ങൾ എന്തെല്ലാം ?

- പനി
- തലവേദന
- ഛർദ്ദി
- എൻസെഫലൈറ്റിസ്, മെനിഞ്ചൈറ്റിസ് എന്നിവയുടെ ലക്ഷണങ്ങൾ കാണിക്കുന്നു.

### പ്രതിരോധ മാർഗ്ഗങ്ങൾ എന്തെല്ലാം ?

- കൊതുകുകടി ഏൽക്കാതിരിക്കുകയാണ് രോഗബാധ തടയുന്നതിനുള്ള പ്രധാന മാർഗ്ഗം. കൊതുക് പെരുകുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- കൊതുകിന്റെ ഉറവിടം കണ്ടെത്തി നശിപ്പിക്കൽ, ഫോഗിങ്ങ്, സ്പ്രേയിംങ്ങ് എന്നിവ ചെയ്യുക. വെസ്റ്റ്നൈൽ പരത്തുന്ന ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട കൊതുകുകൾ മലിനജലത്തിലാണ് വളരുന്നത്. ആയതിനാൽ മലിനജലം കെട്ടിനിൽക്കുന്ന സാഹചര്യങ്ങൾ ഇല്ലാതാക്കുക.

- ഓടകൾ, സെപ്റ്റിക് ടാങ്ക്, വെന്റ് പൈപ്പ് എന്നിവയുടെ ചോർച്ചകൾ ഇല്ലാതാക്കുക.

- പഴയ ടയറുകൾ, ബക്കറ്റുകൾ, ഗട്ടറുകൾ, നീന്തൽക്കുളങ്ങൾ എന്നിവയിൽ വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുക.

- കൊതുകിനെ അകറ്റുന്ന ഉപകരണം, ജനൽ സ്ക്രീനുകൾ, കൊതുകുവലകൾ എന്നിവ ഉപയോഗിക്കുന്നത് കൊതുക് കടിക്കുന്നതിനുള്ള സാദ്ധ്യത കുറയ്ക്കുന്നു.

- രോഗത്തിന് പ്രത്യേക ചികിത്സയില്ല. രോഗബാധ മൂലമുണ്ടാകുന്ന വേദനയ്ക്കും വീക്കം കുറയ്ക്കുന്നതിനും വേദനസംഹാരികൾ ഔഷധങ്ങളായി ഉപയോഗിക്കുന്നു.

